
# അദ്ധ്യായം - 38



*ബാബയുടെ പാചകപാത്രം - ക്ഷേത്രങ്ങളോടുള്ള അവഗണന - കൂട്ടികലർത്തിയ ഭക്ഷണം - ഒരു കോപ്പ മോര്*

*കഴിഞ്ഞ അദ്ധ്യായത്തിൽ ചാവടി എഴുന്നള്ളിപ്പിനെ വിവരിച്ചു. ഈ അദ്ധ്യായത്തിൽ ബാബയുടെ പാചക പാത്രത്തെയും മറ്റുവിഷയങ്ങളെയും സംബന്ധിച്ച് പ്രതിപാദിക്കാം.*

## മുഖവുര

സമസ്തജീവജാലങ്ങൾക്കും ആനന്ദം പ്രദാനം ചെയ്ത്, ഭക്തനമാർക്ക് ക്ഷേമം വരുത്തി, അവിടുത്തെ പാദാരവിന്ദങ്ങളെ ശരണം പ്രാപിച്ചവരുടെ സകലദുരിതങ്ങളും തീർത്തു വിരാജിക്കുന്ന അനുഗ്രഹീതനായ സദ്ഗുരു സായി! അവിടുത്തെ ഞങ്ങൾ പ്രണമിക്കുന്നു. സ്വതവെ ദയാപരനും ശരണാഗതരെ സംരക്ഷിക്കുന്നവനും ആയ അവിടുന്നു ഭക്തന്മാരുടെ ആഗ്രഹപൂരണത്തിന്നായും അവർക്ക് നന്മ വരുത്താനും വേണ്ടിയാണ് ഭൂമിയിൽ അവതരിച്ചത്. പരിശുദ്ധാത്മാവിന്റെ ദ്രാവകരൂപത്തിലുള്ള അന്തസ്സാരത്തെ ബ്രഹ്മത്തിന്റെ





മൂശയിലൊഴിച്ച് വാർത്തതിനാലാണ് ഋഷിശ്വരന്മാരുടെ ചൂഡാമണിയായ സായി ഉടലെടുത്തത്. ഈ സായി ആത്മാരാമൻ തന്നെയാണ്. തികഞ്ഞ ദൈവികാനന്ദത്തിന്റെ ആവാസ സ്ഥാനമാണ് ബാബ. ജീവിതത്തിന്റെ പരമോദ്ദേശം സാദ്ധ്യമായ അവിടുന്ന് അവിടുത്തെ ഭക്തന്മാരെ നിസ്സംഗരും സ്വതന്ത്രരുമാക്കി മാറ്റുന്നു.

## ബാബയുടെ പാചകപാത്രം

വ്യത്യസ്ത യുഗങ്ങൾക്ക് വ്യത്യസ്ത സാധനകളാണ് വേദകല്പിതം. കൃതയുഗത്തിൽ തപസ്സും, ത്രേതായുഗത്തിൽ ജ്ഞാനവും, ദ്വാപരയുഗത്തിൽ യജ്ഞവും കലിയുഗത്തിൽ ദാനവുമാണ് നിർദ്ദിഷ്ട സാധനകൾ. ദാനങ്ങളിൽ ശ്രേഷ്ഠം അന്നദാനമാണ്. ഉച്ചഭക്ഷണം കിട്ടാഞ്ഞാൽ നാമെല്ലാം പരിഭ്രമിക്കുന്നു. മറ്റു ജീവജാലങ്ങൾ ഇതേ പോലെ തന്നെയാണ്. ഇക്കാര്യമറിഞ്ഞ് ദരിദ്രർക്കും വിശക്കുന്നവർക്കും ഭക്ഷണം കൊടുക്കുന്നവനാണ് ഏറ്റവും ശ്രേഷ്ഠമായ ദാതാവും ധർമ്മിഷ്ടനും. തൈത്തിരീയ ഉപനിഷത്തിൽ പറയുന്നത് നോക്കുക. "അന്നം ബ്രഹ്മമാണ്. അന്നത്തിൽ നിന്ന് എല്ലാ ജീവജാലങ്ങളും ജനിക്കുന്നു. ജനിച്ചു കഴിഞ്ഞാൽ അന്നം കൊണ്ട് അവ ജീവിക്കുന്നു. മരണശേഷം അന്നമായിതന്നെ അവ വീണ്ടും മാറുന്നു" നമ്മുടെ വാതില്ക്കൽ ഉച്ചക്കൊരതിഥി വന്നാൽ അയാളെ സ്വീകരിച്ച് ഭക്ഷണം കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. മറ്റുതരത്തിലുള്ള ദാനധർമ്മങ്ങളായ വസ്ത്രദാനം, ദ്രവ്യദാനം മുതലായവയിൽ ചില വിവേചനങ്ങളൊക്കെ ആവശ്യമാണെങ്കിലും അന്നദാനത്തിന് ആളെ നോക്കേണ്ടതേ ഇല്ല. ആരുതന്നെ മദ്ധ്യാഹ്നത്തിൽ വാതിൽക്കൽ വന്നാലും അന്നം കൊടുക്കണം. മുടന്തനും, കുരുടനും രോഗിയുമാണെങ്കിൽ അവർക്ക് മുൻഗണന നൽകണം. ശരീരബലമുള്ള

വർക്കും ബന്ധുക്കൾക്കും പിന്നീട് കൊടുത്താൽ മതി. ആദ്യത്തെ തരത്തിൽപ്പെട്ടവരെ ഊട്ടുന്നതിനുള്ള നേട്ടം രണ്ടാമത്തെ തരക്കാരെ ഊട്ടുന്നതിലില്ല. അന്നദാനരഹിതമായ ഏതു ദാനവും, ചന്ദ്രനില്ലാത്ത നക്ഷത്രങ്ങൾ പോലെയും, മകുടമില്ലാത്ത കിരീടംപോലെയും, പതക്കമില്ലാത്ത കണ്ഠാഭരണംപോലെയും, താമരയില്ലാത്ത കുളംപോലെയും, ഭക്തിയില്ലാത്ത ഭജനപോലെയും, കുങ്കുമം തൊടാത്ത സുമംഗലിപോലെയും, മധുരസ്വരമില്ലാത്ത പാട്ടുപോലെയും, ഉപ്പിടാത്ത മോരുപോലെയും അപൂർണ്ണമാണ്. അന്നദാനമാണ് എല്ലാ സത്കർമ്മങ്ങളിലും വെച്ച് വിശിഷ്ടം. ഇനി നമുക്ക് ബാബ എപ്രകാരം ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തുവെന്നു നോക്കാം.

ബാബക്ക് വളരെ കുറച്ച് ഭക്ഷണമേ ആവശ്യമുണ്ടായിരുന്നുള്ളൂ. എന്നും, അതുതന്നെ കുറച്ചു വീടുകളിൽ നിന്ന് യാചിച്ചുവാങ്ങലാണ് പതിവെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പക്ഷെ എപ്പോഴെങ്കിലും എല്ലാവർക്കും ഭക്ഷണം കൊടുക്കണമെന്നു തോന്നിയാൽ, തുടക്കം മുതൽ ഒടുക്കംവരെയുള്ള എല്ലാ ഏർപ്പാടുകളും അദ്ദേഹം തന്നെയാണ് ചെയ്യുക. ഇതിൽ ആരെയും ആശ്രയിക്കയോ ബുദ്ധിമുട്ടിക്കയോ ചെയ്യില്ല. ആദ്യം താൻ തന്നെ ബസാറിൽ പോയി ധാന്യങ്ങൾ, മാവ്, കുരുമുളക്, ഏലം, പട്ട മുതലായവയെല്ലാം കാശുകൊടുത്തു വാങ്ങും. അരവും താൻ താൻ തന്നെ കഴിക്കും. മസ്ജിദിന്റെ തുറന്ന മുറ്റത്ത് ഒരു വലിയ അടുപ്പുകൂട്ടി തീ കത്തിച്ച് വലിയ ഒരു പാത്രത്തിൽ പാകത്തിനുള്ള വെള്ളമൊഴിച്ച് അടുപ്പത്ത് വെയ്ക്കും. രണ്ടു തരത്തിലുള്ള പാത്രങ്ങളുണ്ട്. ഒന്ന് വലുതും മറ്റേത് ചെറുതും വലുത് 100 പേർക്കും ചെറുത് 50 പേർക്കും മതിയാവും. ചിലപ്പോൾ പായസവും ചിലപ്പോൾ

ഇറച്ചികൊണ്ടുള്ള പുലാവും തയ്യാറാക്കും. ചിലപ്പോൾ തിളക്കുന്ന വെള്ളത്തിലേക്ക് മാവു ചെറുതായി ഉരുട്ടിയോ പരത്തിയോ ഇട്ടുകൊടുക്കും. കുരുമുളക്, ഏലം, പട്ട മുതലായവ കല്ലിന്മേൽ വെച്ച് പൊടിച്ച് പാത്രത്തിലിടും. ഭക്ഷണം രുചികരമാക്കാൻ വേണ്ടതെല്ലാം ബാബ ചെയ്യും. 'അമ്പിൾ' എന്ന പലഹാരമുണ്ടാക്കി ഭക്ഷണശേഷം എല്ലാവർക്കും കൊടുക്കും. ഭക്ഷണം വേണ്ടപോലെ വേവായോ എന്നു നോക്കാൻ ബാബ കഫ്നിയുടെ കൈതിരിച്ചുകയറ്റി നഗ്നമായ കൈ തിളക്കുന്ന ഓട്ടുപാത്രത്തിലിട്ട് ഒട്ടാകെ ഇളക്കി മറിച്ച് പാകപ്പെടുത്തും. കയ്യ് പൊള്ളുകയോ അതിൽ ഭീതനാവുകയോ ചെയ്യില്ല. വെപ്പു കഴിഞ്ഞാൽ ബാബ പാത്രങ്ങൾ മസ്ജിദ്ദിൽ കയറ്റിവെച്ച് ഭക്ഷണം ഒരു മൗലവിയെകൊണ്ട് പരിപൂർണ്ണമാക്കിക്കും. ആദ്യം മഹൽസാപതിക്കും താത്ത്യാപട്ടേലിനും ഓരോ ഭാഗം പ്രസാദമായി കൊടുത്തയക്കും. ബാക്കി മുഴുവൻ സ്വന്തം കൈകൊണ്ടുതന്നെ ദരിദ്രന്മാർക്കും നിസ്സഹായർക്കും വേണ്ടുവോളം വാരിക്കൊടുക്കും. അങ്ങിനെ ബാബ തന്നെ വിളമ്പിക്കൊടുത്ത അന്നം കഴിക്കാൻ കഴിഞ്ഞ ജനങ്ങൾ ഭാഗ്യവാന്മാരാണ്. ചിലർ ചോദിച്ചേക്കാം, ബാബ പച്ചക്കറി ഭക്ഷണവും മാംസഭക്ഷണവും എല്ലാവർക്കും ഒരുപോലെ കൊടുക്കുകയായിരുന്നുവോ എന്ന്. ഉത്തരം വ്യക്തവും ഋജുവുമാണ്. മാംസം കഴിക്കുന്നവർക്കു മാത്രമേ മാംസം കൊടുക്കൂ. അല്ലാത്തവരെക്കൊണ്ട് അത് തൊടീക്കപോലും ചെയ്യില്ല. അവർക്കത് കഴിക്കാനുള്ള യാതൊരു താല്പര്യവും അവരിൽ ബാബ സൃഷ്ടിക്കില്ല. ഗുരു എന്തു പ്രസാദം തന്നാലും ശിഷ്യൻ അത് സ്വീകരിക്കുമോ എന്ന് സംശയിച്ചാൽ നരകത്തിൽ പോവുമെന്ന ഒരു തത്വമുണ്ട്. ഈ തത്വം ഏതെങ്കിലും ശിഷ്യൻ ഗ്രഹിച്ചിട്ടുണ്ടോ എന്നു നോക്കാൻ ബാബ ചിലപ്പോൾ ചില

പരീക്ഷണങ്ങൾ നടത്തും. ഉദാഹരണമായി ഒരു ഏകാദശി ദിവസം ബാബ, ദാദ കേൾക്കറെ വിളിച്ച് ഒരുറുപ്പിക കൊടുത്ത് കൊരളയിൽ പോയി മാംസം വാങ്ങികൊണ്ടുവരാൻ പറഞ്ഞു. ദാദാ കേൽക്കർ ഒരു യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്നു. അയാൾക്ക് ധന ധാന്യങ്ങളും വസ്ത്രങ്ങളും മാത്രം സദ്ഗുരുവിന് കൊടുത്താൽ പോരെന്നും ഗുരുവിന്റെ കല്പന, ക്ഷണത്തിൽ അക്ഷരംപ്രതി അനുസരിക്കലാണ് ഏറ്റവും സന്തോഷകരമായ ദക്ഷിണ എന്നും അറിയാമായിരുന്നു. അതുകൊണ്ട് ദാദാകേൽക്കർ ഉടുപ്പുമാറി മാംസം വാങ്ങാൻ പുറപ്പെട്ടു. അയാൾ പുറപ്പെട്ടതുകണ്ട് ബാബ അയാളെ മടക്കി വിളിച്ചു. പരിപാടി റദ്ദാക്കി, ഒരിക്കൽ ബാബ ദാദയോട് പുലാവിൽ ഉപ്പുമതിയോ എന്നു നോക്കാൻ പറഞ്ഞു. ദാദ സാധാരണമട്ടിൽ എല്ലാം ശരിക്കുണ്ടെന്നു പറഞ്ഞു. അപ്പോൾ ബാബ 'നീ അത് കണ്ണുകൾകൊണ്ട് കാണുകയോ നാക്കുകൊണ്ട് രുചിക്കുകയോ ചെയ്യാതെ എങ്ങിനെ നന്നായെന്നു പറഞ്ഞു? അടപ്പു തുറന്നൊന്നു നോക്കൂ' എന്ന് പറഞ്ഞു. അയാളുടെ കയ്യ് പിടിച്ച് പാത്രത്തിൽ താഴ്ത്തി 'കയ്യെടുത്ത് നിന്റെ യാഥാസ്ഥിതിക മനോഭാവം കളഞ്ഞ് കയ്യിൽകൊണ്ട് ഒരു കഷണമെടുത്ത് നോക്ക്' എന്ന് വീണ്ടും പറഞ്ഞു മാതൃഹൃദയം സ്നേഹാർദ്ര മാകുമ്പോൾ കുഞ്ഞിനെ നുള്ളി എന്നുവരാം. അതു കരയു മ്പോൾ മാറോടടുക്കി പിടിക്കുകയും ചെയ്യും. അതു പോലെ ബാബ യഥാർത്ഥമായും മാതൃനിർവ്വിശേഷം കോൽക്കറെ കയ്പിടിച്ചമർത്തിയതാണ്. ഒരു ഋഷിയും, ഒരു ശിഷ്യനെയും നിഷിദ്ധാഹാരം കഴിപ്പാൻ അനുവദിക്കില്ല. ഈ പാചകപണി 1910 വരെ നടന്നു. പിന്നീടത് നിർത്തലാക്കി. ദാസ്ഗനുവിന്റെ കീർത്തനംകൊണ്ട് ബാബ ബോംബെ മുഴുവൻ അറിയപ്പെട്ട തോടുകൂടി കണക്കില്ലാതെ ആളുകൾ ഷിർദ്ദിയിലേക്ക് വരാൻ തുടങ്ങി. അവിടം ഒരു തീർത്ഥാടനകേന്ദ്രമായി മാറിക്കഴിഞ്ഞു.

ഭക്തന്മാർ പല കാണിക്കകളും ഭക്ഷണ പദാർത്ഥങ്ങളും നൈവേദ്യങ്ങളും കൊണ്ടുവരാൻ തുടങ്ങി. അവർകൊണ്ടുവന്ന നൈവേദ്യംകൊണ്ട് ഫക്കീർമാർക്കും ദരിദ്രന്മാർക്കും വേണ്ടുവോളം കൊടുത്തിട്ടും ബാക്കിയാവാൻ തുടങ്ങി. നൈവേദ്യം എങ്ങിനെ വിതരണം ചെയ്യുമെന്ന് പറയുന്നതിന് മുമ്പ്, ഗ്രാമദേവന്മാരോടുള്ള ബാബയുടെ ബഹുമാനം കാണിക്കുന്ന നാനാസാഹേബ് ചന്ദോർക്കറുടെ കഥ പറയാം.

## നാനാസാഹെബിന്റെ ഒരു ദേവനോടുള്ള അവഗണന

ചില അനുമാനങ്ങളെ ആശ്രയിച്ചുകൊണ്ട്, ചിലർ സായി ബ്രാഹ്മണനാണെന്നും, ചിലർ മുസ്ലീമാണെന്നും പറഞ്ഞു. യഥാർത്ഥത്തിൽ സായിബാബ മതാതീതനായിരുന്നു. ആർക്കും ബാബ എന്നു ജനിച്ചെന്നോ ഏതു ജാതിക്കാരനെന്നോ മാതാപിതാക്കളാരാണെന്നോ, കൃത്യമായറിയില്ല. പിന്നെ എങ്ങനെ ബാബ മുസ്ലീമോ ബ്രാഹ്മണനോ ആവും? മുസ്ലീമാണെങ്കിൽ എങ്ങനെ ബാബ ധുനി എന്ന അഗ്നി കുണ്ഡം കത്തിച്ചുവെയ്ക്കും, എങ്ങിനെ തുളസിവൃന്ദാവനം ഉണ്ടാക്കും, എങ്ങനെ ശംഖുവിളിയും മണിയടിയും വാദ്യഘോഷവും മറ്റു പലതരം ഹിന്ദു ആരാധനകളും അനുവദിക്കും? മുസ്ലീമായിരുന്നെങ്കിൽ കാതുകുത്തിയിരിക്കുമോ? സ്വന്തം പണം ചിലവുചെയ്ത് ഹിന്ദുക്ഷേത്രങ്ങൾ നന്നാക്കുമോ? അതും പോരെങ്കിൽ ഹിന്ദുക്ഷേത്രങ്ങളെ അവഗണിക്കുന്നത് ലവലേശംപോലും ബാബ പൊറുത്തിരുന്നില്ല.

ഒരിക്കൽ നാനാസാഹെബ് തന്റെ ഭാര്യ സഹോദരിയുടെ ഭർത്താവായ ബിനിവാലെയോടുകൂടെ ഷിർദ്ദിയിലേക്കു വന്നു. അവർ മസ്ജിദ്ദിൽ പോയി ബാബയോട് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ, ബാബ കോപിച്ചുകൊണ്ടു പറഞ്ഞു 'നീ ഇത്രകാലം എന്നോടിടപെട്ട് ഇങ്ങനെ പെരുമാറിയതെന്താണ്?'

നാനാസാഹെബിന് കാര്യം മനസ്സിലാവാതെ ബാബയോട് വിശദമായി പറയാൻ അപേക്ഷിച്ചു. ബാബ, അയാളോട് എപ്പോൾ കോപ്പർഗാവോണിലെത്തി എന്നും, എങ്ങിനെ ഷിർദ്ദിയിൽ എത്തി എന്നും, ചോദിച്ചു. ഉടനെ നാനാസാഹെബിന് തെറ്റു മനസ്സിലായി. സാധാരണ ഗോദാവരി തീരത്തുള്ള ദത്തക്ഷേത്രത്തിൽ തൊഴുതാണ് ഷിർദ്ദിയിൽ വരാറുള്ളത്. ഇപ്രാവശ്യം അയാളുടെ ദത്തഭക്തനായ ബന്ധുവെയുംകൂടി ക്ഷേത്രദർനത്തിൽ നിന്ന് മുടക്കി, താമസം ഒഴിവാക്കാൻ നേരെ പോരുകയാണുണ്ടായത്. ബാബയോട് എല്ലാം പറഞ്ഞ്, ഗോദാവരിയിൽ കുളിക്കുമ്പോൾ കാലിൽ മുള്ളുതറച്ച് വളരെ വേദനിച്ച വിവരവും വെളിപ്പെടുത്തി. ബാബ അയാളോട് അതയാൾക്കു കിട്ടിയ ഒരു ചെറിയ ശിക്ഷയാണെന്നും മേലാൽ കൂടുതൽ ശ്രദ്ധിക്കണമെന്നും താക്കീത് ചെയ്തു.

## ഭക്ഷണം കൂട്ടിക്കലർത്തൽ

ഇനി നൈവേദ്യവിതരണം തന്നെ പറയാം. ആരതിക്കുശേഷം ഭക്തന്മാർക്കെല്ലാം ബാബ ഉധിയും അനുഗ്രഹവും കൊടുത്ത് പറഞ്ഞയച്ചുകഴിഞ്ഞാൽ അകത്തു പോയി തൂണുചാരി ഭക്ഷണത്തിനിരിക്കും. ബാബയുടെ ഇരുവശവും ഭക്തന്മാർ വരിവരിയായി ഇരിക്കും. ഭക്തന്മാർ അവർ കൊണ്ടുവരുന്ന പൂരി, ബോളി, ബസുന്തി, സൻസാ, ചോറു മുതലായ നൈവേദ്യങ്ങളടങ്ങുന്ന പാത്രങ്ങൾ മുന്നിൽവെക്കും അവർ, ബാബ അവതൊട്ടു പരിശുദ്ധമാക്കികിട്ടാൻ കാത്ത് പുറത്ത് നില്ക്കും. എല്ലാ ഭക്ഷണവും ഒന്നിച്ചൊരു പാത്രത്തിലിട്ട് ബാബയുടെ മുന്നിൽവെക്കും. ബാബ അതെല്ലാം ദൈവത്തിന് നിവേദിച്ച് പരിശുദ്ധമാക്കും. പിന്നീട് ഒരു ഭാഗം പുറത്ത് നില്ക്കുന്നവർക്ക് കൊടുത്ത് ബാക്കി ബാബയും അകത്തിരിക്കുന്നവരും കൂടി കഴിക്കും. രണ്ടുവരിയായിരിക്കുന്നവർ

സുഖമായി ഭക്ഷിക്കും. ബാബ, ശാമയോടും നാനാസാഹെബ് നിമോൻകാറിനോടും അകത്തിരിക്കുന്നവർക്ക് ഭക്ഷണം വിളമ്പി അവർക്ക് വേണ്ടതുപോലെ സുഖമായി കൊടുക്കാൻ നിർദ്ദേശിക്കും. ഇതവർ ശ്രദ്ധാപൂർവ്വം സന്തോഷകരമായി നിർവ്വഹിക്കും. അവർ കഴിക്കുന്ന ഭക്ഷണം അവർക്ക് ഉന്മേഷവും സംതൃപ്തിയും പ്രദാനം ചെയ്യും. അത്രമാത്രം സുഖകരവും പരിപൂരിതവുമായ ഭക്ഷണവുമായിരുന്നു അത്! എന്നും മംഗളകരവും എന്നും പൂരിതവുമായത്.

## ഒരു കോപ്പ മോര്

ഒരിക്കൽ ഹേമദ്പാന്ത് ഈ സംഘത്തിൽ ഭക്ഷണം കഴിച്ചപ്പോൾ ബാബ ഒരു കോപ്പ മോര് കൊടുത്തു. അതിന്റെ വെള്ള നിറം സുഖകരായിരുന്നെങ്കിലും ഒട്ടും കഴിക്കാൻ വയറ്റിൽ കൊള്ളില്ലായിരുന്നു. ഒന്നുമോന്തിയപ്പോൾ വളരെ സ്വാദു തോന്നി. അയാളുടെ ശങ്ക കണ്ടപ്പോൾ ബാബ പറഞ്ഞു 'മുഴുവൻ കുടിച്ചുകൊള്ളുക, ഇങ്ങിനെ ഒരവസരം ഇനികിട്ടില്ല' അയാൾ അത് മുഴുവൻ കുടിച്ചു. ബാബയുടെ വാക്കുകൾ അർത്ഥവത്തായിരുന്നു. കാരണം അദ്ദേഹം വേഗം സമാധിയായി.

പ്രിയ വായനക്കാരെ നമുക്ക് തീർച്ചയായും ഹേമദ്പാന്തിനോട് നന്ദിയുണ്ടായിരിക്കണം അദ്ദേഹം ഒരു കോപ്പ മോര് കുടിച്ചതിന് നമുക്ക് തന്നത് ധാരാളം സായി ലീലാമൃതമാണ്. നമുക്ക് കോപ്പകൾ കണക്കിന് ഈ അമൃതം പാനം ചെയ്തു സംതൃപ്തരും സന്തുഷ്ടരുമാവുക.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !